"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ജീവനക്കാരുടെ 2026 മെയ്, ജൂൺ മാസങ്ങളിലെ ശമ്പളവും അലവൻസും നൽകുന്നതിനായി രണ്ടാം ഗഡു തുക അനുവദിക്കുന്നതിന്, '2515-00-102-21-00-31(p) ഗ്രാന്റ്-ഇൻ-എയ്ഡ്(ജനറൽ) സാലറി ശീർഷകത്തിൽ ₹1,00,00,000/- (ഒരു കോടി രൂപ) അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1101/2026/LSGD തീയതി,തിരുവനന്തപുരം, 06-06-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 318/2026/തസ്വഭവ തീയതി 06/02/2026
2. സ.ഉ.(സാധാ) നം. 905/2026/തസ്വഭവ തീയതി 22/04/2026
3. സാക്ഷരതാ മിഷൻ ഡയറക്ടറുടെ 07.05.2026 ലെ എ3-1773/2026/കെ.എസ്.എൽ.എം.എ നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിക്ക് 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2515-00-102-21 (പ്ലാൻ) ശീർഷകത്തിൽ സാക്ഷരതാമിഷന്റെ ഹെഡ് ഓഫ് അക്കൗണ്ടുകളായ 2515-00-102-21-31 ഗ്രാന്റ് -ഇൻ-എയ്ഡ് (ജനറൽ) സാലറി ഹെഡിൽ 5.70 കോടി രൂപയും 2515-00-102-21-36 ഗ്രാന്റ് -ഇൻ-എയ്ഡ് (ജനറൽ) നോൺ സാലറി ഹെഡിൽ 14.50 കോടി രൂപയും ചേർത്ത് ആകെ 20.20 കോടി രൂപ ഗ്രാന്റ് -ഇൻ-എയ്ഡായി വകയിരുത്തിയിട്ടുണ്ട്.

2026-27 സാമ്പത്തിക വർഷത്തിൽ സാലറി ശീർഷകത്തിൽ പരാമർശം (2) പ്രകാരം ഒന്നാംഗഡുവായി 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം) സാക്ഷരതാമിഷന് അനുവദിക്കുകയുണ്ടായെന്നും, ടി തുകയിൽ നിന്ന് ജീവനക്കാരുടെ 2026 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ശമ്പളവും അലവൻസും അനുവദിക്കുകയുണ്ടായതിൽ ടി ഇനത്തിൽ നാളിതുവരെ 84,85,598/-രൂപ ചെലവ് വന്നിട്ടുണ്ടെന്നും, സാലറി ശീർഷകത്തിൽ 15,14,402/- രൂപ മാത്രമാണ് അവശേഷിക്കുന്നതെന്നും, ഒരു മാസം 45 ലക്ഷം രൂപയോളം ജീവനക്കാരുടെ ശമ്പളം നൽകുന്നതിന് ആവശ്യമുണ്ടെന്നും, ആയതിനാൽ 2026-27 ബജറ്റ് വിഹിതത്തിൽ നിന്ന് ഒന്നാം ഗഡുവായി അനുവദിച്ച 100,00,000/- രൂപയ്ക്ക് പുറമെ 2026 മെയ്, ജൂൺ മാസങ്ങളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും അനുവദിക്കുന്നതിന് 2515-00-102-21-31 (P) ഗ്രാന്റ് -ഇൻ-എയ്ഡ് (ജനറൽ) സാലറി ശീർഷകത്തിൽ 2026-27 സാമ്പത്തികവർഷത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 1 കോടി രൂപ സീലിങ് ഇളവ് വരുത്തി അനുവദിക്കണമെന്നും പരാമർശം (3) പ്രകാരം സാക്ഷരതാമിഷൻ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-27 സാമ്പത്തിക വർഷത്തിൽ

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് വകയിരുത്തിയിട്ടുള്ള മുഴുവൻ ബഡ്ജറ്റ് വിഹിതത്തിനും അടുത്ത വർക്കിങ് ഗ്രൂപ്പിൽ വച്ച് ഭരണാനുമതി നേടുന്നതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ജീവനക്കാരുടെ 2026 മെയ്, ജൂൺ മാസങ്ങളിലെ ശമ്പളവും അലവൻസും നൽകുന്നതിനായി രണ്ടാം ഗഡു തുക അനുവദിക്കുന്നതിന്, '2515-00-102-21-00-31 (P) ഗ്രാന്റ്-ഇൻ-എയ്ഡ്(ജനറൽ) സാലറി ശീർഷകത്തിൽ ₹1,00,00,000/- (ഒരു കോടി രൂപ) അനുവദിച്ചുകൊണ്ടും, ശീർഷകത്തിന്റെ സീലിംഗ് പരിധി 35.1% ആയി ഉയർത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Rajesh Kumar. C
Date: 06-06-2026 16:36:13
സെക്ഷൻ ഓഫീസർ

1) ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി, അക്ഷരം, പേട്ട, തിരുവനന്തപുരം
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
4) ധനകാര്യ (വികസന) വകുപ്പ് (3480652/DEV-2/89/2026-FIN തീയതി 05/06/2026 പ്രകാരം)
5) സ്റ്റോക്ക് ഫയൽ